"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.അബ്ദുൾ അസീസ്, വലിയ പീടിയേക്കൽ വീട്, പാങ്ങ്.പി.ഒ, മലപ്പുറം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.630/2026/ID തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം:-
1. മലപ്പുറം ജില്ലാ ജിയോളജിസ്റ്റിന്റെ 03.01.20220 തീയതിയിലെ 199/2019-20/എൽ.റ്റി/ഡിഎം/എം-1915/2019 നമ്പർ ഉത്തരവ്.
2. ശ്രീ.അബ്ദുൾ അസീസ്, വലിയ പീടിയേക്കൽ വീട്, പാങ്ങ്.പി.ഒ, മലപ്പുറം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 30.11.2020 തീയതിയിലെ 4040/എം2/2020 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വിജിലൻസ് & ആൻ്റി കറപ്ഷൻ ബ്യൂറോ, ഉത്തര മേഖല, കോഴിക്കോട് 09.02.2018 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ കുറുവ വില്ലേജിൽ സർവ്വെ നം. 251/9 ൽപ്പെട്ടതും ശ്രീ. അബ്ദുൾ അസീസ്, S/o ഹസ്സൻ, വലിയ പീടികക്കൽ വീട്, പാങ്ങ് പോസ്റ്റ്, മലപ്പുറം എന്നയാളുടെ കൈവശത്തിലുള്ളതുമായ സ്ഥലത്ത് നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്തതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ഖനനം ചെയ്ത ചെങ്കല്ലിന്റെ റോയൽറ്റിയും പിഴയും സ്ഥലം ഉടമയിൽ നിന്നും ഈടാക്കുവാൻ മലപ്പുറം ജിയോളജിസ്റ്റിന് നിർദ്ദേശം നൽകുന്നതിന് വിജിലൻസ് സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ആയതിൻ്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലാ ആഫീസിന് ഈ ആഫീസിൽ നിന്നും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പരിശോധന നടത്തിയ വിജിലൻസ് പോലീസ് ഇൻസ്പെക്ടർ, മേൽ സ്ഥലത്ത് നിന്നും 34.90 മീറ്റർ നീളത്തിലും 27 മീറ്റർ വീതിയിലും ശരാശരി 4.5 മീറ്റർ ആഴത്തിലുമായി ചെങ്കല്ല് ഖനനം ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളയാതി സ്ഥലം ഉടമയെ അറിയിക്കുകയും  അനധികൃതമായി ഖനനം ചെയ്ത ചെങ്കല്ലിൻ്റെ റോയൽറ്റിയും വിലയും പിഴയും സർക്കാരിലേക്ക് ഈടാക്കാതിരിക്കുവാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നാവശ്യ പ്പെട്ട് ഹർജിക്കക്ഷിക്ക്

നോട്ടീസ് നൽകുകയും ആയതിനുശേഷം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും വിശദീകരണം ലഭിക്കാത്തപക്ഷം ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ അനധികൃതമായി ഖനനം ചെയ്ത **4240.35** ക്യുബിക് മീറ്റർ ചെങ്കല്ലിൻ്റെ റോയൽറ്റിയും വിലയും പിഴയും ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. മേൽ സ്ഥലത്ത് നിന്നും ഖനനം ചെയ്തു നീക്കിയ **4240.35** ക്യുബിക് മീറ്റർ ചെങ്കല്ലിന്റെ റോയൽറ്റി ക്യൂബിക് മീറ്ററിന് **60/-** രൂപ നിരക്കിൽ **2,54,421** രൂപയും വിലയിനത്തിൽ : (റോയൽറ്റിയുടെ രണ്ട് മടങ്ങ്) **5,08,842/-** രൂപയും അനധികൃത ഖനനം നടത്തിയതിന് പിഴയായി **25,000/-** രൂപയും ചേർത്ത് ആകെ **7,88,263/-** രൂപ (ഏഴ് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) ജില്ലാ ആഫീസിൽ ഒടുക്കണമെന്നാവശ്യപ്പെട്ട് സൂചന **(1)** പ്രകാരം ടിയാന് രജിസ്റ്റേർഡ് ഡിമാന്റ് നോട്ടീസ് നൽകിയതിമെതിരെയാണ് ഹർജിക്കക്ഷി പരാമർശം **(2)** പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

**2)** ഹർജിക്കക്ഷി സമർപ്പിച്ച അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി ഹർജിക്കക്ഷിയെയും ബന്ധപ്പെട്ട ഉദ്യഗസ്ഥരെയും നേരിൽ കേൾക്കുവാൻ തീരുമാനിച്ചു. ഹിയറിംഗിൽ ഹർജിക്കക്ഷി ഹാജരായില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരായി. ഹർജിക്കക്ഷിക്ക് നൽകിയ ഡിമാന്റ് നോട്ടീസിൽ അളവുകൾ അവ്യക്തതയുണ്ടെന്നും, ശരിയായ ഉദ്യോഗസ്ഥരല്ല ഖനനം സംബന്ധിച്ച ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ചതെന്നും റോയൽറ്റി കണക്കായതിൽ പിഴവുകളുണ്ടെന്നും ആയതിനാൽ ഡിമാന്റ് നോട്ടീസ് പിൻവലിക്കണമെന്നും ടിയാൾ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു.

**3)** ജില്ലാ ജിയോളജിസ്റ്റ് ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാതിക്കാസ്പദമായ സ്ഥലത്ത് നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കിയിട്ടുള്ളതായി വിജിലൻസ് ആന്റ് ആൻ്റി കറപ്ഷൻ ബ്യൂറോ ഉത്തര മേഖല, കോഴിക്കോടിന്റെ **09.02.2018** തീയതിയിലെ മിന്നൽ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. അന്നത്തെ കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റാണ് പ്രസ്തുത ജോയിന്റ് ഇൻവെന്ററി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ആയത് പ്രകാരം മേപ്പടി സ്ഥലത്ത് നിന്നും **34.90** മീറ്റർ നീളത്തിലും **27** മീറ്റർ വീതിയിലും ശരാശരി **4.5** മീറ്റർ ആഴത്തിലുമായി **4240.35** ക്യൂബിക് മീറ്റർ ചെങ്കല്ല് ഖനനം ചെയ്തിട്ടുള്ളതായി കണക്കാക്കിയിട്ടുള്ളതാണ്. കൂടാതെ, കുറുവ വില്ലേജ് ഓഫീസിലെ സ്പെഷ്യൽ വില്ലേജ്, ഓഫീസർ, വില്ലേജ്,ഫീൽഡ് അസിസ്റ്റൻ്റ്,, എന്നിവരോടൊപ്പമാണ്, മേൽ സ്ഥലം പരിശോധിക്കുന്നതെന്ന് ടി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ അപ്പിൽ കക്ഷിയുടെ സ്ഥലത്ത് നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം നടത്തിയിട്ടില്ലായെന്ന വാദത്തിൽ കഴമ്പില്ലാത്തതാണ്.

**2.** അപ്പീൽ കക്ഷിയെ കേൾക്കാതെയും രേഖകളുടെ പകർപ്പുകൾ നൽകാതെയുമാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്ന വാദം വസ്തുതാ വിരുദ്ധമാണ്. വിജിലൻസ് റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ സ്ഥലം ഉടമക്ക് **13.06.2019** തീയതിയിൽ നൽകിയ നോട്ടീസിന് ടിയാന് **02.07.2019** തീയതിയിൽ ഈ ഓഫീസിൽ

ഹാജരായി നൽകിയ മറുപടിയിൽ വിജിലൻസ് റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം കരസ്ഥമാക്കിയ ശേഷം വിശദമായ മറുപടി നൽകാമെന്ന് അറിയിച്ചിരുന്നതാണ്. എന്നാൽ ടി രേഖകൾ ലഭിച്ചിട്ടും ടിയാൻ മറുപടിയൊന്നും നൽകുകയുണ്ടായില്ല. തുടർന്ന്, **01.11.2019** തീയതിയിൽ ഈ ഓഫീസിൽ നേരിട്ട് ഹാജരായി വിശദീകരണം നൽകണമെന്ന് നിർദ്ദേശിച്ച് **09.10.2019** തീയതിയിൽ ടിയാന് രജിസ്റ്റേർഡ് തപാലിൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത നോട്ടീസും തുടർന്ന് **29.11.2019** തീയതിയിൽ നൽകിയ രജിസ്റ്റേർഡ് നോട്ടീസും കൈപ്പറ്റിയിട്ടും ടിയാൻ ഈ ഓഫീസിൽ ഹാജരാവുകയോ എന്തെങ്കിലും മറുപടി ബോധിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിലാണ് ടിയാന് **03.10.2020** തീയതിയിൽ **199/2019-20/എൽ.റ്റി/ഡിഎം/എം-1915/2019** നമ്പരായി ഉത്തരവ് നൽകിയത്.

**3.** അപ്പീൽ കക്ഷിയുടെ സ്ഥലത്ത് നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്തതുമായി ബന്ധപ്പെട്ട് ഇൻവെന്ററി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണ്. **09.02.2018** തീയതിയിലെ വിജിലൻസ് പരിശോധനയിൽ വിശദമായ ജോയിന്റ് ആയതിനാൽ കൃത്യമായ മഹസ്സർ തയ്യാറാക്കിയിട്ടില്ലായെന്ന വാദത്തിൽ കഴമ്പില്ലാത്തതാണ്. അനധികൃതമായി ഖനനം നടത്തിയ കാലയളവ് സംബന്ധിച്ചോ അനധികൃത ഖനനം നടത്തിയതിന്റെ ഉദ്ദേശം സംബന്ധിച്ചോ മഹസ്സറിൽ രേഖപ്പെടുത്തണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥയൊന്നുമില്ലാത്തതാണ്.

**4.** അനധികൃതമായി ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നത് **1957** ലെ മൈൻസ് **&** മിനറൽസ് (ഡവലപ്പ്മെൻറ് **&** റഗുലേഷൻ സ്) ആക്ടിലെ സെക്ഷൻ **4(1)** പ്രകാരം കുറ്റകരവും ആയതിന് ടി ആക്ടിലെ സെക്ഷൻ **21(1)** അനുസരിച്ച് അഞ്ചു വർഷം വരെ തടവും ഓരോ ഹെക്ടറിനും അഞ്ചു ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റമാണ്. കൂടാതെ, അനധികൃതമായി ഖനനം ചെയ്ത് നീക്കിയ ധാതുവിന്റെ റോയൽറ്റിയും വിലയും മേപ്പടി ആക്ടിലെ സെക്ഷൻ **21(5), 2015**-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം **108(2)** എന്നിവ പ്രകാരം സ്ഥലം ഉടമയിൽ നിന്നും/ഖനനം നടത്തിയ വ്യക്തിയിൽ നിന്നും സർക്കാരിലേക്ക് ഈടാക്കാവുന്നതുമാണ്. **2015** മുതൽ മിന്നൽ പരിശോധന നടത്തിയ **09.02.2018** വരെയുള്ള കാലയളവിൽ ചെങ്കല്ലിൻ്റെ റോയൽറ്റി നിരക്ക് ക്യൂ മീറ്ററിന് **60/-** രൂപയാണ്. അനധികൃതമായി ധാതു ഖനനം നടത്തുന്ന സംഗതികളിൽ വിലയായി റോയൽറ്റിയുടെ രണ്ട് ഇരട്ടി തുകയാണ് ഈടാക്കുന്നത്. മേപ്പടി ആക്ടിലെ സെക്ഷൻ **21(1)** പ്രകാരവും, **2015** ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം **108(1), 108(2)** എന്നിവ പ്രകാരവും അനധികൃതമായി ധാതു ഖനനം നടത്തിയ കുറ്റത്തിന് കോമ്പൌണ്ടിംഗ് ഫീസ് (പിഴ) ആയി പരമാവധി **5,00,000/-**വരെ ഈടാക്കാവുന്നതാണ്. അപ്പീൽ കക്ഷിക്ക് **25,000/-** രൂപ മാത്രമാണ് പിഴ ഇനത്തിൽ ഡിമാന്റ് ഉത്തരവിൽ നൽകിയിട്ടുള്ളത്. ആയതിനാൽ റോയൽറ്റിയും വിലയും പിഴയും കണക്കാക്കിയത് നിയമപരമായല്ല എന്ന വാദം അടിസ്ഥാന രഹിതമാണ്.

**4)** ഹർജിവിഷയം വിശദമായി പരിശോധിച്ചു. വിജിലൻസ് ആന്റ്

ആന്റികറപ്പ്ഷൻ ബ്യൂറോ ഉത്തരമേഖലയുടെ മിന്നൽ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാൽ നടപടിക്രമങ്ങൾ പാലിച്ച് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ഹർജിക്കക്ഷി അപ്പീൽ ഹർജിയിൽ പറയുന്ന വാദങ്ങളിൽ കഴമ്പില്ലാത്തതിനാലും, ഹിയറിംഗിൽ ഹർജിക്കക്ഷി ഹാജരാകുകയോ പങ്കെടുക്കുവാൻ പറ്റാതിരുന്നതിന്റെ കാരണം ബോധിപ്പിക്കുകയോ ചെയ്യാതിരുന്ന സാഹചര്യത്തിലും മലപ്പുറം ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസ് നിലനിർത്തിക്കൊണ്ടും ആയതുപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ ജില്ലാ ജിയോളജിസ്റ്റിന് നിർദേശം നൽകിക്കൊണ്ട് ശ്രീ.അബ്ദുൾ അസീസ്, വലിയ പീടിയേക്കൽ വീട്, പാങ്ങ്.പി.ഒ, മലപ്പുറം. എന്നയാൾ സമർപ്പിച്ച അപ്പീൽ ഹർജി **EX-PARTE** ആയി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ.അബ്ദുൾ അസീസ്, വലിയ പീടിയേക്കൽ വീട്, പാങ്ങ്.പി.ഒ, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, മലപ്പുറം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. ( എ4/59/2020-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha B
Date: 06-06-2026 12:13:18